**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2212** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിന്റെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 1പൊതുജനങ്ങളുമായി ബന്ധപ്പെട്ട അഗ്നിസുരക്ഷ സേവനങ്ങൾ ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. ഓഫീസുകളിൽ ഫയലുകൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറുകയും ആയത് എല്ലാ ഓഫീസ്, നിലയങ്ങളിലും നടപ്പിലാക്കുകയും ചെയ്തു.<br><br>2). അപകടകരമായ സ്ഥലങ്ങളിൽ അഗ്നിശമന പ്രവർത്തനങ്ങൾക്കായി Robotic Fire Fighting Equipment വാങ്ങി സജ്ജമാക്കി<br><br>3). ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിച്ച് അഗ്നിശമനരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുയോജ്യമായ ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ ലഭ്യമാക്കി.<br><br>4) 30 പേരടങ്ങുന്ന Mountaineering Rescue Team രൂപീകരിക്കുകയുണ്ടായി.<br><br>5) യുവാക്കൾക്ക് അഗ്നിശമനം, രക്ഷാ പ്രവർത്തനം, ഫസ്റ്റ് എയ്ഡ് എന്നിവയിൽ പരിശീലനം നൽകി. സിവിൽ ഡിഫൻസ്, അപ്താമിത്ര തുടങ്ങിയ വോളന്റിയറിംഗിന്റെ സേവനം പൊതുജനങ്ങൾക്കായി ലഭ്യമാക്കി. ഇവർക്കായി എമർജൻസി കിറ്റുകളും നൽകിയിട്ടുണ്ട്.<br><br>6). വകുപ്പിൽ ആദ്യമായി വുമൺ ഫയർആൻറ് റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചു.അവരുടെനപരിശീലനം അന്തിമഘട്ടത്തിലാണ്.<br><br>7) വകുപ്പിന്റെ ആധുനിക വൽക്കരണത്തിനും നവീകരണത്തിനുമായി അനുവദിച്ച തുക ചെലവഴിച്ച് ലഭ്യമാക്കിയ വാഹനങ്ങളുടേയും ഉപകരണങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എവിടെയെല്ലാമാണ് പുതിയ ഫയർ സ്റ്റേഷനുകൾ | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വയനാട് ജില്ലയിലെ തൊണ്ടർനാട് ആസ്ഥാനമാക്കി |

| | | | |
|---|---|---|---|
| | ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 02.11.2021-ലെ സ.ഉ. (കൈ) 191/2021/ ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) | വാമനപുരം മണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിൽ പാലോട് അനുമതി ലഭിച്ച പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പാലോട് ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) നം.51/2021/ആഭ്യന്തരം, തീയതി. 18.02.2021 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി വകുപ്പിന് കൈമാറി ലഭിച്ച പാലോട് വില്ലേജിൽ സർവ്വേ നം.1460- ൽ ഉൾപ്പെട്ട 34.5 സെന്റ് സർക്കാർ വക തരിശ് ഭൂമിയിൽ വാമനപുരം എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളിൽ 2 മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യുന്നതിനുള്ള ഷീറ്റ് മേൽക്കൂരയോട് കൂടിയ ഗ്യാരേജ്, രണ്ട് ചെറിയ മുറികൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പാലോട് നിലയത്തിനായി അത്യാവശ്യ ഭൗതിക സൗകര്യങ്ങളോട് കൂടിയ ഒരു അഗ്നിരക്ഷാ നിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള താൽക്കാലിക കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഡി) | പാലോട് ആസ്ഥാനമാക്കി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) നം.51/2021/ആഭ്യന്തരം, തീയതി. 18.02.2021 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി വകുപ്പിന് കൈമാറി ലഭിച്ച പാലോട് വില്ലേജിൽ സർവ്വേ നം.1460- ൽ ഉൾപ്പെട്ട 34.5 സെന്റ് സർക്കാർ വക തരിശ് ഭൂമിയിൽ വാമനപുരം എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളിൽ 2 മൊബൈൽ ടാങ്ക് യൂണിറ്റുകൾ പാർക്ക് ചെയ്യുന്നതിനുള്ള ഷീറ്റ് മേൽക്കൂരയോട് കൂടിയ ഗ്യാരേജ്, രണ്ട് ചെറിയ മുറികൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പാലോട് നിലയത്തിനായി അത്യാവശ്യ ഭൗതിക സൗകര്യങ്ങളോട് കൂടിയ ഒരു അഗ്നിരക്ഷാ നിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# Details of Items which are purchased from May 2021

| | | |
|---|---|---|
| 1) | FRV (First respond vehicle) | 27 Nos. |
| 2) | Fibre boat with OB engine | 14 Nos. |
| 3) | Foam Tender | 10 Nos. |
| 4) | MUV (Multi utility vehicle) | 30 Nos. |
| 5) | Store van | 01 Nos. |
| 6) | Water Lorry | 20 Nos. |
| 7) | Rubber Dinghy | 29 Nos. |
| 8) | Hand controlled multipurpose Nozzle | 231 Nos. |
| 9) | Float pump | 75 Nos. |
| 10) | Water Tender | 44 Nos. |
| 11) | Ambulance | 18 Nos. |
| 12) | Crisis Management Vehicle | 01 No |
| 13) | Crisis Control Vehicle | 06 Nos. |
| 14) | Incident Command Vehicle | 17 Nos. |
| 15) | High Capacity De Watering Pumps | 03 Nos. |
| 16) | Tyre (1000 X 20) | 140 Nos. |
| 17) | ART (Advanced Rescue Tender) | 23 Nos. |
| 18) | Multi-Function Printer | 01 No. |
| 19) | Hand Gloves | 3500 Pairs |
| 20) | BA Set | 130 Nos |
| 21) | FRV (First response vehicle) | 35 Nos. |
| 22) | Under water Communication System | 14 Nos. |
| 23) | Tyre (225/75 R 16) | 150 Nos. |
| 24) | Scuba Set with Diving Suits | 100 Nos. |
| 25) | Battery powered Blower | 50 Nos |
| 26) | Search light | 230 Nos |
| 27) | Accessories for Scuba | 200 Nos. |
| 28) | Rope Ladder | 50 Nos. |
| 29) | Rescue Net | 130 Nos. |
| 30) | Fire Tender | 25 Nos |
| 31) | Foam Compound (20 liter can) | 3000 Nos. |
| 32) | Desk top computers | 69 Nos |
| 33) | Desk top computers with UPS | 130 Nos. |
| 34) | Portable tab computer | 17 Nos |
| 35) | Scanner | 24 Nos |